<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4406</u> <u>01-07-2024 - ൽ മറുപടിയ്ക്ക്</u>

<u>കേരള ഓട്ടോമൊബൈൽ ലിമിറ്റഡ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്-ൽ നിന്നും 2016 മുതൽ വിരമിച്ച ജീവനക്കാർക്ക് പി.എഫ്., ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിൽ കുടിശികയുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ ഈ സ്ഥാപനത്തിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നൽകാൻ കുടിശികയുണ്ടെന്ന് വിശദമാക്കുമോ; | (ബി) | കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിൽ നിന്നും 2016 മുതൽ 2024 വരെ വിരമിച്ച 101 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയും, 98 പേർക്ക് പി. എഫ്. ഉം നൽകാനുണ്ട്. |
| (സി) | എന്തുകൊണ്ടാണ് പ്രസ്തുത ആനുകൂല്യങ്ങൾ നൽകാത്തതെന്ന് വ്യക്തമാക്കുമോ; | (സി) | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ നിലനിൽക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലമാണ് പ്രസ്തുത ആനുകൂല്യങ്ങൾ നൽകാൻ കഴിയാത്തത്. |
| (ഡി) | ആനുലകൂല്യങ്ങൾ ലഭിക്കാത്ത ജീവനക്കാർക്ക് അവ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | കമ്പനിയുടെ സ്ഥിതി മെച്ചപ്പെടുത്തുവാൻ വേണ്ടി പുതിയ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് 8.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതോടൊപ്പം കമ്പനിയ്ക്ക് പ്രവർത്തന മൂലധനം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. കമ്പനിയുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മറ്റു പല സ്ഥാപനങ്ങളുമായി ചേർന്ന് ഇ-കാർട്ട്, ഇ-പിക്ക്അപ്പ് (L5 Goods carrier), ഇലക്ട്രിക് ബഗ്ഗി, ഇ-റിക്ഷ പോലുള്ള പുതിയ മോഡലുകൾ നിർമ്മിക്കുവാൻ പദ്ധതിയിടുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറുന്ന മുറയ്ക്ക് കുടിശ്ശിക ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | പ്രസ്തുത ആനുകൂല്യങ്ങൾ എപ്പോൾ വിതരണം ചെയ്യുമെന്ന് വിശദമാക്കുമോ? | (ഇ) | (D) പിരിവിന്റെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ